പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3911 21/06/2018 - ൽ മറുപടിക്ക്

## കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം

ചോദ്യം | മറുപടി

ശ്രീ.എസ്.ശർമ്മ

ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രാഥമിക സംഘങ്ങളുടെ നേതൃത്വത്തിൽ ആരംഭിച്ച നീതി ഔട്ട് ലെറ്റ്കളും, നീതി മെഡിക്കൽ സ്റ്റോറുകളും എത്ര വീതമെന്നും അവയുടെ നിലവിലെ പ്രവർത്തന പുരോഗതിയും വെളിപ്പെടുത്തുമോ; | എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രാഥമിക സംഘങ്ങളുടെ നേതൃത്വത്തിൽ 189 നീതി ഔട്ട് ലെറ്റുകളും 210 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൽ 172 നീതി ഔട്ട് ലെറ്റുകളും 169 നീതി മെഡിക്കൽ സ്റ്റോറുകളും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇവിടങ്ങളിലേയ്ക്ക് ആവശ്യമായി വരുന്ന സാധനങ്ങളുടെ ഓർഡർ റീജിയണൽ ഓഫീസുകളിൽ ശേഖരിച്ച് സംസ്ഥാന തലത്തിൽ ഏകോപിപ്പിച്ച് വിതരണം ചെയ്യുന്നു. ഇതിലൂടെ പൊതുവിപണിയെക്കാളും കുറഞ്ഞ വിലയ്ക്കു നിത്യോപയോഗ സാധനങ്ങളും മരുന്നുകളും വിൽപ്പന നടത്തുന്നതിന് സാധിക്കുന്നുണ്ട്. |
| ബി) | പ്രാഥമിക സഹകരണ സംഘങ്ങൾക്ക് പ്രസ്തുത സ്ഥാപനങ്ങൾ അനുവദിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് അറിയിക്കുമോ; | ബി) | പ്രാഥമിക സഹകരണ സംഘങ്ങൾക്ക് നീതിസ്റ്റോർ, നീതിമെഡിക്കൽ സ്റ്റോർ എന്നിവ ആരംഭിക്കുന്നതിനുള്ള അനുമതി ജില്ലാ ജോയിന്റ് രജിസ്ട്രാർമാരാണ് നൽകി വരുന്നത്. ബൈലാ വ്യവസ്ഥകൾക്ക് വിധേയമായി ഭരണ സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അനുയോജ്യമായ സാമ്പത്തിക സ്ഥിതിയുള്ള സംഘങ്ങൾക്ക് കൺസ്യൂമർ ഫെഡറേഷന്റെ സമ്മതത്തോടെ പ്രാദേശികവാസികൾക്കും അംഗങ്ങൾക്കും പ്രയോജനപ്രദമാണെന്ന് ഉറപ്പു വരുത്തിയ ശേഷം നീതി സ്റ്റോർ, നീതി മെഡിക്കൽ സ്റ്റോർ എന്നിവ ആരംഭിക്കുന്നതിന് അനുമതി നൽകി വരുന്നു. |

| | | | |
|---|---|---|---|
| സി) | നീതി മെഡിക്കൽ സ്റ്റോറുകളും ഔട്ട് ലെറ്റുകളും ആരംഭിക്കുന്നതിനായി മുന്നോട്ടുവരുന്ന പലവക-സഹകരണ സംഘങ്ങൾക്ക് അവസരം നൽകിയാൽ പ്രസ്തുത പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനും അതുവഴി ചെറുകിട സംഘങ്ങളുടെ വളർച്ചയ്ക്കും സഹായകരമാകുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | സി) | ഉണ്ട്. പലവക സംഘങ്ങൾക്ക് നീതി മെഡിക്കൽ സ്റ്റോറുകളും ഔട്ട് ലെറ്റുകളും ആരംഭിക്കുന്നതിന് അവസരം നൽകിയാൽ സംഘങ്ങളുടെ വളർച്ചയ്ക്ക് സഹായകരമാകുമെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സംഘങ്ങൾക്ക് നീതി മെഡിക്കൽ സ്റ്റോറും ഔട്ട് ലെറ്റുകളും ആരംഭിക്കുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങളുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി അനുമതി നൽകി വരുന്നു. |
| ഡി) | നഷ്ടത്തിലായിരുന്ന കൺസ്യൂമർ ഫെഡിനെ ലാഭകരമാക്കുന്നതിനായി നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ; | ഡി) | ഫെഡറേഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി മൂന്ന് അംഗ അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റയെ നിയമിച്ചു. ജീവനക്കാരെ വിശ്വാസത്തിലെടുത്തുകൊണ്ട് ദൈനംദിന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി സംഘടനാ സംവിധാനത്തിന് രൂപം നൽകി. പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി പർച്ചേസ് കമ്മിറ്റി വിപുലീകരിച്ചു. ഇ-ടെൻഡർ സംവിധാനം നടപ്പിലാക്കി. ചാർട്ടേർഡ് അക്കൗണ്ടന്റ് സ്ഥാപനത്തിന്റെ സഹായത്തോടെ ഇന്റേണൽ ആഡിറ്റ് വിഭാഗത്തിന് രൂപം നൽകി ആവശ്യകത തിട്ടപ്പെടുത്തി അനാവശ്യ ഗോഡൗണുകൾ ഒഴിവാക്കി. കെട്ടിക്കിടന്നിരുന്ന സാധനങ്ങൾ വിറ്റഴിച്ചു. ഉപയോഗ യോഗ്യമല്ലെന്ന് കണ്ടെത്തിയ വാഹനങ്ങൾ നടപടിക്രമങ്ങൾ പാലിച്ച് പരസ്യലേലം വഴി വിറ്റഴിച്ചു. ജീവനക്കാരുടെ എണ്ണം ശാസ്ത്രീയമായി തിട്ടപ്പെടുത്തി അധികമായി നിയമിക്കപ്പെട്ട ജീവനക്കാരെ ഒഴിവാക്കി. ബാക്കിയുളളവരെ പുനർവിന്യസിച്ചു. ലാഭകരമല്ലെന്ന് കണ്ടെത്തുകയും ഡാമേജിനും കെടുകാര്യസ്ഥതയ്ക്കും ഇടയാക്കിയ നന്മ സ്റ്റോറുകൾ ഒഴിവാക്കി ജീവനക്കാർക്ക് കാര്യശേഷി വർദ്ധിപ്പിക്കുന്നതിനായി പരിശീലനം നൽകുകയുണ്ടായി. വിദേശമദ്യത്തിന്റെ ഇൻസെന്റീവ് ഫെഡറേഷനിൽ നേരിട്ട് അടയ്ക്കുന്നതിന് നിഷ്കർഷിച്ചു. 2012-13 മുതൽ 2015-16 |

| | | | |
|---|---|---|---|
| | | | വരെയുള്ള കുടിശ്ശിക ആഡിറ്റ് പൂർത്തീകരിക്കുന്നതിന് ചാർട്ടേർഡ് അക്കൗണ്ടന്റ് സ്ഥാപനത്തിനെ ചുമതലപ്പെടുത്തി, മേൽ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിയതി ലൂടെ ഭരണ ചെലവ് കുറയ്ക്കുന്നതിനും വിറ്റുവരവ് വർദ്ധിപ്പിക്കുന്നതിനും സാധിച്ചു 2016-17, 2017-18 സാമ്പത്തിക വർഷത്തിൽ യഥാക്രമം 61.27 കോടി, 71.88 കോടി രൂപ പ്രവർത്തന ലാഭം നേടുന്നതിന് ഇതിലൂടെ കഴിഞ്ഞു. |
| ഇ) | കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനങ്ങൾ സുതാര്യവും സുഗമവുമാക്കുന്നതിനായി എന്തെല്ലാം പദ്ധതിയും മുൻകരുതലുമാണ് വകുപ്പ് കൈക്കൊണ്ടുവരുന്നതെന്നും വ്യക്തമാക്കുമോ? | ഇ) | കൺസ്യൂമർ ഫെഡിന്റെ പ്രവർത്തനം സുതാര്യവും സുഗമവുമാക്കുന്നതിനായി അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയെ നിയമിച്ച് ചിട്ടയായ പ്രവർത്തനങ്ങൾക്ക് രൂപം നൽകി. ഇ-ടെൻഡർ സംവിധാനം നടപ്പിലാക്കുകയും പ്രാഥമിക സഹകരണ സംഘങ്ങളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി പർച്ചേസ് കമ്മിറ്റി വിപുലീകരിക്കുകയും ചെയ്തു. ചെലവു ചുരുക്കുന്നതിന്റെ ഭാഗമായി നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന നന്മ സ്റ്റോറുകളുടെ പ്രവർത്തനം അവസാനിപ്പിച്ചു. ആവശ്യമില്ലെന്ന് കണ്ടെത്തിയ ഗോഡൗണുകൾ നിർത്തലാക്കി. കെട്ടിക്കിടന്നിരുന്ന സാധനങ്ങളും ഉപയോഗ യോഗ്യമല്ലെന്ന് കണ്ടെത്തിയ വാഹനങ്ങളും നടപടിക്രമങ്ങൾ പാലിച്ച് ലേല നടപടികളിലൂടെ വിൽപ്പന നടത്തി. ഇന്റേണൽ ആഡിറ്റ് വിഭാഗത്തിന് രൂപം നൽകി. സബ്സിഡി ഇനത്തിൽ സർക്കാർ നൽകുവാനുണ്ടായിരുന്ന കുടിശ്ശിക തുക പൂർണ്ണമായും (56.9932 കോടി രൂപ) നൽകി. 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉത്സവ ചന്തകൾ സംഘടിപ്പിക്കുന്നതിനായി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ